പ്രസ്സ് റിലീസ്. 20.05.2013

# അട്ടപ്പാടി പാക്കേജിലെ ആരോഗ്യ വകുപ്പിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് മന്ത്രി വി.എസ്.ശിവകുമാർ

തിരുവനന്തപുരം : തിരുവനന്തപുരത്ത് ആരോഗ്യമന്ത്രിയുടെ അധ്യക്ഷതയിൽച്ചേർന്ന ഉന്നതതലയോഗത്തിന് ശേഷം മന്ത്രി അറിയിച്ചതാണിക്കാര്യം.. പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ ഡോ. പ്രഭുദാസിനെ ആരോഗ്യവകുപ്പിന്റെ നോഡൽ ഓഫീസറായി നിയോഗിച്ചു. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ 38 അഡീഷണൽ പോസ്റ്റും അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 23 പോസ്റ്റും പുതൂർ പി.എച്ച്.സി യിൽ 14 പോസ്റ്റും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചുകഴിഞ്ഞു. 24 മണിക്കൂറും കാഷ്വാലിറ്റി സംവിധാനമുണ്ടാക്കുന്നതിനാണ് അധികതസ്തികകൾ സൃഷ്ടിക്കുന്നത്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ എൻ.ആർ.എച്ച്.എം വഴി ഗൈനക്കോളജിസ്റ്റിനെ നിയമിച്ചു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ബ്ലഡ് സ്റ്റോറേജ് ഫെസിലിറ്റി വഴി 29 യൂണിറ്റ് രക്തം വിതരണം ചെയ്തുകഴിഞ്ഞു. സിക്കിൾസെൽ അനീമിയ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ക്യാമ്പുകളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. കൂടാതെ മൂന്ന് ട്രൈബൽ മൊബൈൽ യൂണിറ്റുവഴിയുള്ള മെഡിക്കൽ സംഘം ഊരുകളിൽ സന്ദർശനം നടത്തുന്നുണ്ട്. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, ആശാവർക്കേഴ്സ്, എസ്.റ്റി പ്രൊമോട്ടർമാർ എന്നിവർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ അയൺഫോളിക് ആസിഡ് ഗുളികകളുടെയും വൈറ്റമിൻ എ ഗുളികകളുടെയും വിതരണവും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.അട്ടപ്പാടിയിലെ സബ്സെന്റർ നവീകരണത്തിന് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി. ഉന്നതതല യോഗത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി ,ഡി.എച്ച്.എസ്., ഡി.എം.ഇ തുടങ്ങിയവർ പങ്കെടുത്തു

P.V. Ratheesh
9995524658